**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 756** **06-12-2022 - ൽ മറുപടിയ്ക്ക്**

**വേങ്ങരയിൽ 110 കെ.വി. സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വേങ്ങര മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ നിലവിൽ വൈദ്യുതി വിതരണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിനായി വേങ്ങരയിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | വേങ്ങരയിൽ 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നവംബർ, 2019 - ൽ നൽകിയിട്ടുള്ളതാണ്. ടി സബ്സ്റ്റേഷനുവേണ്ടി ഊരകം വില്ലേജിൽ ഉൾപ്പെടുന്ന 0.4735 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. LARR ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ് അടയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട 110 കെ.വി ലൈൻ നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ഉടങ്ങുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | വേങ്ങരയിൽ 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നവംബർ, 2019 - ൽ നൽകിയിട്ടുള്ളതാണ്. ടി സബ്സ്റ്റേഷനുവേണ്ടി ഊരകം വില്ലേജിൽ ഉൾപ്പെടുന്ന 0.4735 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. LARR ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ് അടയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട 110 കെ.വി ലൈൻ നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ